2008, ഖുത്വ്ബ നമ്പര്‍- 12

بسم الله الرحمن الرحيم

21.3.2008
ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍

# സഹനതയുടെ പ്രതീകം

**ക**ഴിഞ്ഞ ഖുത്വ്ബയില്‍ അല്ലാഹുവിന്റെ 'ഹലീം' അഥവാ സഹനശീലന്‍ എന്ന സവിശേഷഗുണത്തെക്കുറിച്ച് ഞാന്‍ പറഞ്ഞിരുന്നു. ചിലയാളുകളുടെയും ചില ജനതകളുടെയും അനുസരണക്കേടും അതിര്‍ലംഘനവുമൊക്കെയുണ്ടായിട്ടും അവരെ ഈ ലോകത്ത്‌വച്ച് പെട്ടെന്ന് പിടിച്ച് അല്ലാഹു ശിക്ഷിക്കുകയില്ല. അവന്‍ അവരോട് സൗമ്യമായും വിട്ടുവീഴ്ചയോടും അവരുടെ അതിക്രമങ്ങളെ അവഗണിച്ചുംകൊണ്ട് പെരുമാറാതെ ക്ഷണത്തില്‍ പിടിച്ച് ശിക്ഷിക്കുകയായിരുന്നെങ്കില്‍ ലോകത്ത് ഒരൊറ്റ മനുഷ്യനുമുണ്ടാകുമായിരുന്നില്ല. എന്നല്ല, ഒരു ജീവിപോലും അവശേഷിക്കുമായിരുന്നില്ല. അല്ലാഹുതആല തന്നില്‍ വിശ്വസിക്കുന്നവരോടും തന്റെ സിഫത്തുകള്‍ അഥവാ സവിശേഷഗുണങ്ങള്‍ സ്വായത്തമാക്കാന്‍ കല്പിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഗുണങ്ങളാല്‍ വിഭൂഷിതനാകുന്നവനാണ് സത്യവിശ്വാസി എന്നും പറഞ്ഞിരിക്കുന്നു. അത് സത്യവിശ്വാസിയുടെ അടയാളമായി വിളംബരം ചെയ്തിട്ടുമുണ്ട്. നബിമാര്‍ക്ക് അല്ലാഹു തന്റെ സവിശേഷഗുണങ്ങളില്‍നിന്ന് അധികം ഓഹരി നല്കുന്നു; ലോകത്തെ സംസ്കരിച്ചെടുക്കുന്നതിനും അവരുടെ മുന്നില്‍ മാതൃകയാകുന്നതിനും വേണ്ടിയാണത്. നബി(സ) തിരുമേനിക്ക് എല്ലാവരേക്കാളുമധികം ആ സവിശേഷഗുണങ്ങളെക്കുറിച്ചെല്ലാം അറിവുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആ മഹാത്മാവ് അല്ലാഹുവിന്റെ സവിശേഷഗുണങ്ങളുടെ പ്രതീകമായി. പക്ഷേ, ഇസ്‌ലാമിനോടും നബി(സ) തിരുമേനിയോടും പകയും വിദ്വേഷവും വച്ചുപുലര്‍ത്തുന്നവരെ, അവരുടെ പകയും വിദ്വേഷവും അന്ധരാക്കിയിരിക്കുകയാണ്. നബി(സ) തിരുമേനിയിലുള്ള അല്ലാഹുവിന്റെ ഈ സവിശേഷഗുണങ്ങളൊന്നും അവര്‍ക്ക് കാണാനേ കഴിയുന്നില്ല. ആ മഹാത്മാവ് തന്റെ സമുദായത്തിന് നല്കിയ ഉപദേശമെന്താണ്? ആ ധന്യാത്മാവിന്റെ പ്രവര്‍ത്തി എന്തായിരുന്നു? ഇന്ന് ഞാന്‍ ആ സിഫത്തുകള്‍ ഉദ്ധരിച്ചുകൊണ്ട് ചില ഹദീഥുകള്‍ വിവരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഒരിക്കല്‍ ഒരു യഹൂദി ഹദ്റത്ത് നബി തിരുമേനി(സ)യുടെ അടുക്കല്‍ വന്നു. അയാള്‍ നബിയുടെ താടി പിടിച്ചുവലിക്കാന്‍ ആവര്‍ത്തിച്ചാവര്‍ത്തിച്ച് ശ്രമിക്കുകയും ഹദ്റത്ത് ഉമര്‍(റ) തന്റെ വാള്‍കൊണ്ട് അയാളുടെ കൈ തട്ടിമാറ്റിക്കൊണ്ടിരിക്കുകയും ചെയ്തു. അവസാനം ഉമര്‍(റ)നെ നബി (സ) അതില്‍നിന്ന് തടഞ്ഞു. അപ്പോള്‍ അദ്ദേഹം പറഞ്ഞു, 'ഇയാള്‍ അങ്ങയെ അപമാനിക്കുന്നത് കാണുമ്പോള്‍ എനിക്ക് ഇയാളെ കൊന്നുകളയാന്‍ തോന്നുന്നു.' എന്നാല്‍, നബി(സ) അയാളുടെ എല്ലാ മര്യാദകേടും സഹിക്കുകയും ക്ഷമിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു, 'കോപിക്കാന്‍ പാടില്ല. കാഠിന്യം പ്രവര്‍ത്തിക്കുകയുമരുത്."

നബി(സ) തിരുമേനിയുടെ സ്വഭാവ വൈശിഷ്ട്യത്തിനും സഹനശീലത്തിനുമുള്ള മറ്റൊരു ഉദാഹരണം ഒരു നിവേദനത്തില്‍ ഇങ്ങനെ ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ്ബിന്‍ സലാം(റ) നിവേദനം ചെയ്യുന്നു. *ഇത് ദീര്‍ഘമായൊരു ഹദീസാണ്. ഞാന്‍ ചുരുക്കിപ്പറയാന്‍ ശ്രമിക്കുന്നതാണ്.* സയ്ദ് ബിന്‍ സഹ്നത്ത് നബി(സ)യുടെ സന്നിധിയില്‍ വന്നു. അദ്ദേഹം ഒരു യഹൂദി പണ്ഡിതനായിരുന്നു. അദ്ദേഹം പറയുന്നു. നബി(സ)യുടെ അനുഗൃഹീതമായ മുഖകമലം ഞാന്‍ കണ്ടപ്പോള്‍ അതില്‍ നുബുവ്വത്തിനു വേണ്ടുന്നതായ എല്ലാ ലക്ഷണങ്ങളും എനിക്ക് കാണാന്‍ കഴിഞ്ഞു; രണ്ട് കാര്യങ്ങളൊഴിച്ച്. അതെനിക്ക് അറിയാന്‍ കഴിഞ്ഞിരുന്നില്ല. അവയില്‍ ഒന്ന് ഈ നബിയുടെ സഹനത, കോപത്തെ അതിജയിക്കുന്നതായിരിക്കും എന്നതാണ്. രണ്ടാമത്തെ കാര്യം എത്രത്തോളം ഇദ്ദേഹത്തെ അപമാനിച്ചാലും അവഹേളിച്ചാലും അത്രയും അധികം സഹനതയും സഹിഷ്ണുതയും ഈ നബിയില്‍ കാണാന്‍ കഴിയും എന്നതാണ്. അദ്ദേഹം പറയുന്നു, ഈ രണ്ട് ലക്ഷണങ്ങളും പരീക്ഷിച്ചുനോക്കാനുള്ള തക്കംപാര്‍ത്തിരിക്കുകയായിരുന്നു ഞാന്‍. *അതായത് ഈ രണ്ട് ഗുണങ്ങളും ഈ മഹാത്മാവിലുണ്ടോ എന്ന് പരിശോധിച്ചുനോക്കാന്‍ അദ്ദേഹം അവസരം കാത്തിരിക്കുകയായിരുന്നു. തൗറാത്തില്‍ പ്രവചനം ചെയ്യപ്പെട്ടിരുന്ന ആ നബി തന്നെയാണോ മുഹമ്മദ് എന്ന് തിരിച്ചറിയുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.* ഒരിക്കല്‍ ഒരു യാത്രക്കാരന്‍ വന്നു. അയാള്‍ ഒരു ഗ്രാമീണനായ അറബിയായിരുന്നു. അദ്ദേഹം പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, ഇന്ന ഗോത്രത്തിലെ ബസ്‌രി ഗ്രാമവാസികള്‍ മുസ്‌ലിംകളായിരിക്കുന്നു. അവര്‍ മുസ്‌ലിംകളാകുകയാണെങ്കില്‍ അവര്‍ക്ക് ധാരാളം ജീവിതവിഭവം കിട്ടുമെന്ന് ഞാന്‍ അവരോട് പറഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോള്‍ മഴ കുറഞ്ഞ കാരണം വരള്‍ച്ചയുടെ ഇരയായിത്തീര്‍ന്നിരിക്കുകയാണ് അവര്‍. അത്യാഗ്രഹവും അതിമോഹവും കൊണ്ട് മറ്റുള്ളവരില്‍നിന്ന് സഹായം പറ്റി അവര്‍ ഇസ്‌ലാമില്‍നിന്ന് പുറത്തുപോകുമോ എന്ന് എനിക്ക് ഭയമുണ്ട്. അത്യാഗ്രഹം കൊണ്ടാണ് അവര്‍ ഇസ്‌ലാം സ്വീകരിച്ചതെന്ന് തോന്നുന്നു. അങ്ങ് നല്ലതെന്ന് കണക്കാക്കുന്നുവെങ്കില്‍

അവർക്ക് എന്തെങ്കിലും സഹായം ചെയ്താലും.' ആ നേരത്ത് നബി(സ)യോടൊപ്പം ഹദ്‌റത്ത് അലി(റ)യും ഉണ്ടായിരുന്നു. നബി(സ) അലിയോട് ചോദിച്ചപ്പോൾ സഹായം എന്ന നിലയിൽ കൊടുത്തയക്കാൻ പറ്റിയ അത്തരം വസ്തുക്കളൊന്നും ഇപ്പോൾ ഇല്ലെന്ന് അറിയിച്ചു. ഇത് കേട്ടപ്പോൾ അവിടെ നിന്നിരുന്ന സയ്ദ് ബിൻ സഅ്നത്ത് ചോദിച്ചു: 'മുഹമ്മദേ, ഇന്ന ഗോത്രത്തിന്റെ കാരക്കകൾ ഒരു കൃത്യ അളവും ഒരു കൃത്യ സമയവും നിശ്ചയിച്ച് എനിക്ക് നല്കാൻ തയ്യാറുണ്ടോ?' നബി(സ) പറഞ്ഞു: 'ഏ, യഹൂദി, അളവും സമയവും നിശ്ചയിച്ച് കാരയ്ക്ക നിനക്ക് നല്കാൻ കഴിയും. പക്ഷേ, ഇത് ഇന്ന ഗോത്രത്തിന്റെ തോട്ടത്തിലെ കാരക്ക തന്നെയായിരിക്കണമെന്നുള്ള നിബന്ധന അംഗീകരിക്കാൻ പറ്റില്ല.' 'ശരി എന്ന് ഞാൻ സമ്മതിച്ചു. അങ്ങനെ നബി(സ) ഞാനുമായി കച്ചവടമുറപ്പിച്ചു.ഞാൻ എന്റെ പണസഞ്ചി തുറന്ന് ഇന്ന സമയത്ത് ഇത്ര തൂക്കം കാരക്ക എനിക്ക് നല്കുമെന്ന ഉറപ്പിന്മേൽ സ്വർണ്ണത്തിന്റെ 80 മിഥ്ഖാൽ അഡ്വാൻസായി കൊടുത്തു. നബി (സ) ആ തുക ആ ഗ്രാമീണനായ അറബിയെ ഏല്പിച്ചുകൊണ്ട്, വിപത്ത് ബാധിതരായ ആളുകൾക്ക് തുല്യമായി അത് വീതിച്ചു കൊടുക്കാൻ നിർദ്ദേശിച്ചു.' സയ്ദ് ബിൻ സഅ്നത്ത് പറയുന്നു. 'നിശ്ചിത അവധി തികയാൻ രണ്ടോ മൂന്നോ ദിവസം ബാക്കിനില്ക്കെ ഞാൻ നബി(സ)യുടെ അടുക്കലെത്തി. അദ്ദേഹത്തിന്റെ കഴുത്ത് പിടിച്ചു. ചാദുർ പിടിച്ചുവലിച്ചു. ദ്വേഷത്തോടെ പറഞ്ഞു, 'മുഹമ്മദേ! എനിക്ക് തരാനുള്ളത് നീ തരികയില്ലേ. അല്ലാഹുവാണ! കടം വാങ്ങിയാൽ അത് തിരിച്ചുകൊടുക്കാതെ അതും ഇതും പറഞ്ഞ് കാലം തട്ടിനീക്കുന്നവരാണ് ബനൂ അബ്ദുൽ മുത്തലിബ്കാരെന്ന് എനിക്ക് നന്നായിട്ടറിയാം. അപ്പോൾ ഞാൻ ഉമറിനെയും (അദ്ദേഹം അടുത്തുതന്നെ ഇരിപ്പുണ്ടായിരുന്നു) നോക്കുന്നുണ്ടായിരുന്നു. (കോപാകുലനായ) അദ്ദേഹത്തിന്റെ കണ്ണുകൾ ചുഴിയിൽപെട്ട വഞ്ചി ചുറ്റിക്കറങ്ങുന്നതുപോലെയോ പമ്പരം കറങ്ങുന്നതുപോലെയോ ഞാൻ കണ്ടു. കോപദൃഷ്ടിയോടെ അദ്ദേഹം എന്നെ നോക്കിക്കൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ ശത്രു! നീ അല്ലാഹുവിന്റെ റസൂലിനോട് പറയുന്നത് ഞാൻ കേൾക്കുന്നുണ്ട്. ഇവിടെ നീ മര്യാദകേട് കാണിക്കുന്നുവോ? ഈ മഹാത്മാവിന് സത്യവും നല്കിക്കൊണ്ടയച്ച അല്ലാഹുവാണ! എനിക്ക് ഈ മഹാത്മാവിനെ പേടിയില്ലായിരുന്നുവെങ്കിൽ ഞാനെന്റെ വാൾകൊണ്ട് നിന്റെ തല കൊയ്യുമായിരുന്നു."

ആ സന്ദർഭത്തിൽ നബി(സ) വളരെ ശാന്തതയോടും സാവകാശത്തോടും ഹദ്‌റത്ത് ഉമറിനെ നോക്കുന്നുണ്ടായിരുന്നു. അല്പം കഴിഞ്ഞ് ചിരിച്ചുകൊണ്ട് പറഞ്ഞു, "ഉമറേ! ഇങ്ങനെ ദ്വേഷപ്പെടുന്നതിനു പകരം നീ എന്നോട് നല്ലനിലയിൽ കടം വീട്ടാൻ പറയുക. അയാളോടും കടം തിരിച്ചു ചോദിക്കുന്നതിന് ചില മര്യാദകളുണ്ടെന്നും അത് പാലിക്കണമെന്നും പറയുക. വാസ്തവത്തിൽ കടം തിരിച്ചുകൊടുക്കേണ്ട കാലാവധിക്ക് ഇനിയും സമയം ബാക്കിയുണ്ട്. പക്ഷേ, ഇയാൾ തന്റെ കടം എത്രയും പെട്ടെന്ന് തിരിച്ചുകിട്ടണമെന്നാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് പോകുക, ഖജനാവിൽനിന്ന് അയാൾക്ക് കൊടുക്കാനുള്ളത് കൊടുക്കുക. ഇരുപത് സ്വാഅ് അധികം കാരക്ക അയാൾക്ക് നല്കുക." കടം തിരിച്ചുനല്കിയപ്പോൾ 20 സ്വാഅ് എന്തിനാണ് അധികം നല്കിയതെന്ന് ഞാൻ ഉമറിനോട് ചോദിച്ചു. ഉമർ പറഞ്ഞു, 'ഞാൻ നിന്നോട് ദ്വേഷപ്പെട്ടതുകൊണ്ടാണ് ഇത്രയും അധികം തരാൻ നബി(സ) എന്നോട് പറഞ്ഞത്.' ഞാൻ ഉമറിനോട് ചോദിച്ചു, 'ഞാൻ ആരാണെന്ന് താങ്കൾക്ക് അറിയുമോ?' ഇല്ല എന്ന് അദ്ദേഹം പറയുകയും ആരാണെന്ന് ചോദിക്കുകയും ചെയ്തു. ഞാൻ പറഞ്ഞു, 'ഞാനാണ് സയ്ദ് ബിൻ സഅ്നത്ത്.' ഉമർ ചോദിച്ചു, 'യഹൂദികളുടെ ആ പണ്ഡിതനാണോ നീ?' 'അതെ, എന്ന് ഞാൻ പറഞ്ഞു.' അപ്പോൾ ഉമർ ചോദിച്ചു, 'ഇത്ര വലിയ മതപണ്ഡിതനായിട്ടാണോ നീ നബി(സ) തിരുമേനിയോട് മര്യാദകേട് കാണിച്ചത്? എന്തിനാണ് നീ അങ്ങനെ ചെയ്തത്?' ഞാൻ പറഞ്ഞു, 'പ്രവാചകത്വത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെ എന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടോ അതെല്ലാം നബി(സ)യുടെ മുഖത്ത് എനിക്ക് കാണാൻ കഴിഞ്ഞു; രണ്ടെണ്ണമൊഴിച്ച്. അതിലൊന്ന് ആ നബിയുടെ സഹനത, അദ്ദേഹത്തിന്റെ കോപത്തെ അതിജയിച്ചിരിക്കുമെന്നതാണ്. രണ്ടാമത്തേത് എത്രമാത്രം അദ്ദേഹത്തെ പീഡിപ്പിച്ചാലും വിഷമിപ്പിച്ചാലും അത്രയുമധികം അദ്ദേഹം സഹനത്തോടും സഹിഷ്ണുതയോടുംകൂടി പെരുമാറുന്നതായിരിക്കുമെന്നതാണ്. അതുകൊണ്ട് (അവസരം കിട്ടിയപ്പോൾ) അവ രണ്ടും ഞാൻ പരീക്ഷിച്ചുനോക്കിയെന്നേയുള്ളൂ. ഉമറേ! ഞാൻ താങ്കളെ സാക്ഷിയാക്കുകയാണ്. ഞാൻ അല്ലാഹുവിനെ എന്റെ രക്ഷിതാവാക്കുന്നു. ഇസ്‌ലാമിനെ എന്റെ മതമായി സ്വീകരിക്കുന്നു. മുഹമ്മദ്(സ)നെ എന്റെ നബിയായി വിശ്വസിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഉമറേ! ഞാൻ താങ്കളെ സാക്ഷിയാക്കുന്നു. ഞാനൊരു ധനികനാണ്. എന്റെ പകുതി ധനം മുഹമ്മദ്(സ)ന്റെ ഉമ്മത്തിന് സദഖയായിരിക്കും. അപ്പോൾ ഉമർ(റ) പറഞ്ഞു: മുഹമ്മദിയ്യാ ഉമ്മത്തിലെ ചിലർക്കെന്ന് പറയുക. കാരണം മുഴുവൻ ഉമ്മത്തിനും ഈ ധനം എങ്ങനെ തികയാനാണ്? (അതായത് ജനസംഖ്യ അധികമായിരിക്കുന്നതുകൊണ്ട് എല്ലാവർക്കും അത് വീതിച്ചുകൊടുക്കാൻ സാധിക്കുകയില്ല.) ഞാൻ പറഞ്ഞു, അത് ശരിതന്നെ. എന്നാൽ, ഇതുകൊണ്ട് ചിലരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക."

നബി(സ)യുടെ ആ സഹനത കണ്ടുകൊണ്ട് ആ യഹൂദി പണ്ഡിതൻ ഇസ്‌ലാം സ്വീകരിച്ചു. പിന്നീട് പല യുദ്ധങ്ങളിലും അദ്ദേഹം നബി(സ)യോടൊപ്പം പങ്കെടുത്തു. തബൂക്ക് യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ വഴിയിൽവച്ചാണ് അദ്ദേഹം വഫാത്തായത്. ഇതായി

രുന്നു നബി(സ)യുടെ ഉത്കൃഷ്ടമായ സഹനസ്വഭാവം. ശത്രുവിനോടുള്ള പെരുമാറ്റം എത്രനല്ല നിലയിലായിരുന്നുവെന്ന് നോക്കുക. കടംവീട്ടാനുള്ള അവധി ബാക്കിയുണ്ടായിട്ടും കടം കൊടുത്തയാൾ മുൻകൂർ വന്ന് ചോദിച്ചപ്പോൾ യാതൊരു മടിയും കൂടാതെയും കോപിക്കാതെയും അങ്ങേയറ്റം സ്നേഹത്തോടെ അയാളുടെ കടം മടക്കിക്കൊടുത്തു. എന്നുമാത്രമല്ല വാങ്ങിയതിനേക്കാൾ കൂടുതലും നല്കി. ഇത്തരം ഒന്നോ രണ്ടോ സംഭവങ്ങളല്ല ഉള്ളത്. മറിച്ച്, നിരവധി സംഭവങ്ങളുണ്ട്. നമ്മളറിയാത്ത ഇത്തരം ലക്ഷക്കണക്കിന് സംഭവങ്ങൾ വേറെയും ഉണ്ടാകും.

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി(സ)യുടെ അടുക്കൽ വന്നു. വാങ്ങിയ കടം തിരിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. അപമര്യാദയോടെ പെരുമാറി. നബി(സ)യുടെ സഹാബാക്കൾക്ക് ദ്വേഷം വന്നു. അയാളെ വഴക്കുപറയാൻ തുടങ്ങി. നബി(സ) തിരുമേനി പറഞ്ഞു: 'അയാളെ ഒന്നും പറയരുത്. കൊടുത്തത് തിരിച്ചുകിട്ടാനുള്ള ആൾക്ക് എന്തെങ്കിലുമൊക്കെ പറയാനും അവകാശമുണ്ട്.' തുടർന്ന് നബി(സ) പറഞ്ഞു: 'അയാളിൽനിന്ന് വാങ്ങിയ പ്രായത്തിലുള്ള മൃഗത്തെ അയാൾക്ക് തിരിച്ചുകൊടുക്കുക.' സ്വഹാബത്ത് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അതേ പ്രായത്തിലുള്ള മൃഗം ഇപ്പോൾ നമ്മുടെ കൈയിലില്ല. അതിനേക്കാൾ വലുതേയുള്ളൂ.' അപ്പോൾ ആ വലിയ മൃഗത്തെ കൊടുക്കാൻ നബി(സ) കല്പിച്ചു. എന്നിട്ട് പറഞ്ഞു, വാങ്ങിയ കടം നല്ലനിലയിൽ തിരിച്ചുകൊടുക്കുന്നവനാണ് നിങ്ങളിൽ ഉത്തമൻ. ഒരു അതിക്രമവും കാണിക്കരുത്."

ഹിൽമ് എന്നതിന്റെ അർത്ഥം സഹിക്കുക എന്നാണ്. ദയാലു എന്നും അതിന്നർത്ഥമുണ്ട്. മുകളിൽ പറഞ്ഞ രണ്ടുദാഹരണങ്ങളിൽ നിന്ന് നബി(സ)യുടെ സഹനവും ദയയും പ്രകടമാകുന്നുണ്ട്.

കുടുംബകാര്യങ്ങളിലും നബി(സ) മാതൃകയാണ്. എങ്ങനെയായിരുന്നു നബി(സ) ദ്വേഷം സഹിച്ചിരുന്നത്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. സുവാഅ് ഗോത്രത്തിലെ ഒരാൾ വന്ന് ഹദ്റത്ത് ആയിശ(റ)യോട് തനിക്ക് നബി(സ)യുടെ ഉൽക്കൃഷ്ടമായ സ്വഭാവത്തെക്കുറിച്ച് പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. ഹദ്റത്ത് ആയിശ(റ) പറഞ്ഞു, താങ്കൾ വിശുദ്ധഖുർആനിൽ ***വ ഇന്നക്ക ല അലാ ഖുലുഖിൻ അളീം*** എന്ന് പാരായണം ചെയ്തിട്ടില്ലേ? പിന്നീട് പറഞ്ഞു, ഒരിക്കൽ നബി(സ) തന്റെ സഹാബിമാരോടൊത്ത് ഇരിക്കുകയായിരുന്നു. ഞാൻ നബിക്കുവേണ്ടി ഭക്ഷണം തയ്യാറാക്കി. ഹദ്റത്ത് ഹഫ്സയും ഭക്ഷണം പാകം ചെയ്ത് എന്നെക്കാൾ മുമ്പേ നബി(സ)യ്ക്ക് കൊടുത്തയച്ചു. ഹദ്റത്ത് ഹഫ്സയുടെ ഭക്ഷണം മറിച്ചുകളയാൻ ഞാൻ എന്റെ പരിചാരകയോട് പറഞ്ഞു. നബി(സ)യുടെ മുമ്പിൽ ഭക്ഷണം വെച്ചുകൊണ്ട്, പരിചാരിക ഹദ്റത്ത് ഹഫ്സയുടെ ഭക്ഷണം തട്ടിമറിച്ചു. പ്ലേറ്റ് താഴെവീണ് ഉടഞ്ഞു. ഹദ്റത്ത് ആയിശ(റ) പറയുന്നു: നബി(സ) പ്ലേറ്റിന്റെ കഷണങ്ങൾ ഒരുമിച്ചുകൂട്ടി. ഭക്ഷണം എടുത്ത് തോലുകൊണ്ടുണ്ടാക്കിയിരുന്ന സുപ്രയിൽവച്ചു. അതിൽനിന്ന് തിന്നുകയും ചെയ്തു. പിന്നീട് എന്റെ പാത്രം ഹദ്റത്ത് ഹഫ്സയ്ക്ക് കൊടുത്തയച്ചുകൊണ്ട് പറഞ്ഞു: നിന്റെ പാത്രത്തിന് പകരം ഈ പാത്രം എടുത്തുകൊള്ളുക. ഈ ഭക്ഷണവും കഴിക്കുക. ഹദ്റത്ത് ആയിശ(റ) പറഞ്ഞു: നബി (സ)യുടെ അനുഗൃഹീതമുഖത്ത്, ദ്വേഷത്തിന്റെ ഒരു ലക്ഷണവും ഉണ്ടായിരുന്നില്ല. ആ മഹാത്മാവ് ഈ സൽകൃത്യം മുഖേന പരിചാരികയേയും ഹദ്റത്ത് ആയിശയേയും ഉപദേശിക്കുകയായിരുന്നു. പിണക്കവും വെറുപ്പും അതിരുകടക്കാൻ പാടില്ലെന്ന് പറഞ്ഞു. പരസ്പരം ശത്രുതയും പാടില്ല.

നബി(സ) തിരുമേനി തന്റെ ഓരോ പ്രവൃത്തിയിലും സ്ഥാപിച്ച ജീവിതമാതൃക, അക്കാലത്തെ ജനങ്ങൾക്ക് വേണ്ടി മാത്രമായിരുന്നില്ല. ആ മഹാത്മാവ് സ്ഥാപിച്ച മാതൃക ഖിയാമത്തുന്നാൾവരെ നമുക്കൊരു വഴികാട്ടിയാണ്. അത് ജീവിതത്തിൽ നാം പകർത്താനുള്ളതാണ്. വായിക്കുകയും കേൾക്കുകയും അതിൽ ആനന്ദം കൊള്ളുകയും പ്രവർത്തിക്കേണ്ട സമയം വരുമ്പോൾ അതിന്റെ പ്രാധാന്യം മറക്കുകയും ചെയ്യാൻ പാടില്ല.

ഒരുപാട് പരാതികൾ ലഭിക്കാറുണ്ട്. നിസ്സാരമായ തെറ്റുകളുണ്ടാകുമ്പോൾ മുതലാളി തൊഴിലാളിയോട് വളരെ മോശമായി പെരുമാറുന്നു. ഇപ്രകാരംതന്നെ ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരോട് വലിയ അക്രമപരമായ നിലയിൽ പെരുമാറുന്നു. തെറ്റായരീതിയിൽ അടിക്കുന്നു. ചില കേസുകൾ ഉണ്ടാകുമ്പോൾ അവർക്ക് വേർപിരിയേണ്ടിയും വരുന്നു. യൂറോപ്പിൽ ചില സന്ദർഭങ്ങളിൽ പോലീസ് ഇത്തരം പ്രതികളെ അറസ്റ്റ് ചെയ്യാറുണ്ട്. പിന്നീട് കേസ്സുകളുടെ ഒരു പുതിയ പരമ്പരതന്നെ ആരംഭിക്കാൻ തുടങ്ങുന്നു. മൃദുവായതും സ്നേഹത്തോടുകൂടിയതുമായ നല്ല പെരുമാറ്റം വീട്ടുകാരോട് കാണിക്കേണ്ടത് നബി(സ)യുടെ സുന്നത്താണ്. ഇത് നാം ജീവിതത്തിൽ പകർത്താൻ വേണ്ടിയാണ്. ചില സന്ദർഭങ്ങളിൽ ഭർത്താവ് മാത്രമല്ല, അയാളുടെ ബന്ധുക്കളും വഴക്കുകളിൽ പങ്കുചേരുന്നു. അമ്മായിയമ്മയും നാത്തൂന്മാരും മർദ്ദിക്കാൻ തുടങ്ങുന്നു. എന്തായാലും ഇക്കാര്യം സൂക്ഷിക്കേണ്ടതാണ്. നബി(സ) പറയുകയുണ്ടായി. ദ്വേഷം വരുമ്പോൾ നില്ക്കുകയാണെങ്കിൽ ഇരിക്കുക. ഇരുന്നാലും ദ്വേഷം മാറുന്നില്ലെങ്കിൽ കിടക്കുക. ഇസ്തിഗ്ഫാർ ചെയ്യുക. ***ലാഹൗലാ*** എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കുക. ദേഹത്ത് തണുത്ത വെള്ളമൊഴിക്കുക. അംഗസ്നാനം ചെയ്യുക. നബി(സ) ഇക്കാര്യങ്ങളെല്ലാം നമുക്ക് പറഞ്ഞുതന്നത് നമ്മൾ അതനുസരിച്ച് പ്രവർത്തിക്കാൻ വേണ്ടിയാണ്.

അന്യരുടെ അതിക്രമങ്ങളിലും നബി(സ) സഹിഷ്ണുത കാണിക്കുകയുണ്ടായി. എങ്ങനെയാണ് ആ മഹാത്മാവ് അവരോട് നല്ലനിലയിൽ പെരുമാറിയിരുന്നത്. സഹിഷ്ണുതയുടെ എത്ര ഉന്നതമായ മാതൃകയാണ് ആ മഹാത്മാവ് സ്ഥാപിച്ചത്. നബി(സ) വിജയശാലിയായ ജർണ്ണൽ ആയപ്പോഴുണ്ടായ സംഭവങ്ങൾ ഓരോന്നും നോക്കുക. മക്കാവിജയത്തിന്റെ അവസരത്തിൽ നബി (സ) കഅ്ബ ദേവാലയത്തിന്റെ വാതിക്കൽ നിന്നുകൊണ്ട് പറഞ്ഞു, 'ഖുറയ്ശി സമൂഹമേ! നിങ്ങൾ എന്നിൽനിന്ന് ഏത് രീതിയിലുള്ള പെരുമാറ്റമാണ് ഉദ്ദേശിക്കുന്നത്?' 'നല്ല പെരുമാറ്റമാണ് പ്രതീക്ഷിക്കുന്നതെന്ന് അവർ വിളിച്ചുപറഞ്ഞു. അങ്ങ് ഞങ്ങളുടെ ആദരണീയനായ സഹോദരനാണ്. ഒരു ആദരണീയനായ സഹോദരന്റെ മകനാണ്.' അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു ***ഇദ്ഹബൂ അൻതുമുത്വലഖാഅ്*** പോകുക, നിങ്ങൾ സ്വതന്ത്രരാണ്.

മക്കാ വിജയത്തിന്റെ അവസരത്തിലുണ്ടായ മറ്റൊരു സംഭവവും നോക്കുക. ഇസ്‌ലാമിന്റെ ഒരു ശത്രുവായ സഫ്‌വാൻ ബിൻ ഉമയ്യ മക്കയിൽനിന്ന് ഓടി ജിദ്ദയിലേക്ക് പോയി. അവിടെനിന്ന് യമനിലേക്ക് പോകാനാണ് അയാൾ ഓടിയത്. ഉമയ്ർ ബിൻ വഹ്ബ്(റ), നബി (സ) യോട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, സഫ്‌വാൻ ബിൻ ഉമയ്യാ തന്റെ ജനതയുടെ നേതാവാണ്. പക്ഷേ, അങ്ങയെ ഭയന്നുകൊണ്ട് ഇവിടെനിന്ന് അയാൾ ഓടിപ്പോയിരിക്കുന്നു. അദ്ദേഹം സ്വയം, തന്നെ സമുദ്രത്തിലിടുകയാണ്. അങ്ങ് അയാൾക്ക് അഭയം നല്കിയാലും.' നബി(സ) പറഞ്ഞു, 'ഞാൻ അയാൾക്ക് അഭയം കൊടുത്തിരിക്കുന്നു.' ഉമയ്ർബിൻ വഹ്ബ്(റ) പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, നേരിൽ കണ്ട് അങ്ങയുടെ അഭയം തിരിച്ചറിയുംവിധം എന്തെങ്കിലും അടയാളം അയാളെ കാണിക്കാൻ എനിക്ക് തന്നാലും.' റസൂൽകരീം(സ) മക്കയിൽ പ്രവേശിക്കുന്ന അവസരത്തിൽ അണിഞ്ഞിരുന്ന തലപ്പാവ് അദ്ദേഹത്തിന് നല്കി. ആ തലപ്പാവുമായി സഫ്‌വാന്റെ അടുക്കലേക്ക് അദ്ദേഹം പോയി. സഫ്‌വാനെ വഴിയിൽവച്ച് കണ്ടുമുട്ടി. അദ്ദേഹം സമുദ്രമാർഗ്ഗം യാത്ര ചെയ്യാൻ ഒരുങ്ങുകയായിരുന്നു. പുറപ്പെടുന്നതിനു മുമ്പേ ഉമയ്ർ ചെന്ന് അദ്ദേഹത്തോട് പറഞ്ഞു. 'അല്ലാഹുവിനെ ഭയപ്പെടുക. സ്വയം നാശത്തിൽ അകപ്പെടരുത്. ഞാൻ റസൂലിൽനിന്ന് താങ്കൾക്ക് അഭയം വാങ്ങിയാണ് വന്നിരിക്കുന്നത്.' സഫ്‌വാൻ പറഞ്ഞു: 'നിനക്ക് നാശം. നീ എന്നിൽനിന്ന് അകന്നുപോകുക. എന്നോടൊന്നും സംസാരിക്കണ്ട.' അതുകേട്ടപ്പോൾ ഉമയ്ർ പറഞ്ഞു, 'നബി(സ) സകല ദൈവദൂതന്മാരേക്കാളും ശ്രേഷ്ഠനാണെന്ന് താങ്കൾക്കറിയില്ലേ. സകലരേക്കാളും ജനങ്ങളോട് നല്ലനിലയിൽ പെരുമാറുന്നയാളാണെന്ന് അറിയില്ലേ? ആ മഹാത്മാവ് ജനങ്ങളിൽ ഏറ്റവുമധികം സഹനപ്രകൃതിയുടെ ഉടമസ്ഥനാണ്. ജനങ്ങളിൽ ഏറ്റവും ഉത്തമനാണ്. താങ്കളുടെ പിതൃവ്യപുത്രനാണ്. ആ മഹാത്മാവിന്റെ അന്തസ്സ് താങ്കളുടെ അന്തസ്സും ആ മഹാത്മാവിന്റെ ശ്രേഷ്ഠത താങ്കളുടെ ശ്രേഷ്ഠതയും ആ മഹാത്മാവിന്റെ രാജത്വം താങ്കളുടെ രാജത്വവുമാണ്.' ഇതുകേട്ടപ്പോൾ സഫ്‌വാൻ പറഞ്ഞു, 'ഞാൻ അദ്ദേഹത്തെ ഭയപ്പെടുന്നു.' അപ്പോൾ ഉമയ്ർ അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞു, 'ആ മഹാത്മാവ്, ഏറ്റവുമധികം സഹനശീലനും ഉദാരനുമാകുന്നു. താങ്കൾക്കത് ചിന്തിക്കാൻപോലും കഴിയില്ല.' അങ്ങനെ അവർ അവിടെനിന്നും മടങ്ങി നബി(സ)യുടെ അടുക്കലെത്തി. സഫ്‌വാൻ, നബി(സ)യോട് പറഞ്ഞു, 'ഉമയ്ർ പറയുന്നു അങ്ങ് എനിക്ക് അഭയം നല്കിയിരിക്കുന്നുവെന്ന്.' അത് കേട്ടപ്പോൾ ഉമയ്ർ പറഞ്ഞത് സത്യമാണെന്ന് നബി(സ)തിരുമേനി പറഞ്ഞു. സഫ്‌വാൻ, തനിക്ക് രണ്ടുമാസം അവധി തരണമെന്ന് നബിതിരുമേനിയോട് അപേക്ഷിച്ചു. താങ്കൾക്ക് നാലുമാസത്തെ അവധി നല്കുന്നുവെന്ന് നബി(സ) അദ്ദേഹത്തെ അറിയിച്ചു. അതായത് അവധി നീട്ടിക്കൊടുക്കുന്നത് ഇസ്‌ലാം സ്വീകരിക്കണമെന്ന നിബന്ധനയാലാണെന്ന് അയാൾ ധരിക്കണ്ടെന്ന് കരുതിയാണ് അങ്ങനെ ചെയ്തത്.

ഞാൻ പറഞ്ഞതുപോലെ ഈ ജീവിതമാതൃക നമുക്കായി നബി(സ) തിരുമേനി പ്രവർത്തിച്ചുകാണിച്ചുതന്നതാണ്. ഇതുസംബന്ധമായി ചില ഹദീഥുകൾ ഞാനിനി കേൾപ്പിക്കാം. സൗമ്യതയേയും സഹനത്തേയും ദയയേയും സംബന്ധിച്ച ഹദീഥുകളാണത്. ആ മഹാത്മാവ് തന്റെ ഉമ്മത്തിൽനിന്ന് എന്താണ് പ്രതീക്ഷിച്ചിരുന്നത്? ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു, "ശക്തവാനായ ഫയൽമാൻ മറ്റുള്ളവരെ മലർത്തിയടിക്കുന്നവനല്ല, യഥാർത്ഥ ഫയൽമാൻ ദ്വേഷത്തിന്റെ നേരത്ത് തന്നെ സ്വയം നിയന്ത്രിക്കുന്നവനാണ്."

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് സുലയ്മാൻ ബിൻ സുറത്ത് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു, 'ഞാൻ നബി(സ)യുടെ അടുക്കലിരിക്കുകയായിരുന്നു. അപ്പോൾ ഞങ്ങളുടെ അടുക്കൽ നിന്ന് രണ്ടാളുകൾ വഴക്കിട്ടു. അവരിൽ ഒരുവന്റെ മുഖം ദ്വേഷം കൊണ്ട് ചെമന്ന് തുടുത്തിരുന്നു. അയാളുടെ ഞരമ്പുകൾ പിടച്ചിരുന്നു.' നബി(സ) പറഞ്ഞു, 'ഇയാളുടെ ഈ അവസ്ഥ മാറിപ്പോകുന്ന ഒരു വചനം എനിക്കറിയാം. ഇയാളത് പറഞ്ഞാൽ ഈയവസ്ഥയിൽനിന്ന് രക്ഷപ്പെടും. ***അഊദുബില്ലാഹി മിനശയ്ത്വാൻ*** എന്ന് പറയലാണത്.' അതായത് വഴിപിഴച്ച ശയ്ത്വാനിൽനിന്ന് ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു. അയാളിത് പറഞ്ഞാൽ അയാളുടെ ദ്വേഷം അകലുന്നതാണ്. അത് കേട്ടപ്പോൾ ആ വഴക്കിടുന്നവനോട് നീ ശയ്ത്വാനിൽനിന്ന് അല്ലാഹുവിനെ അഭയം പ്രാപിക്കുക എന്ന് നബി(സ) പറഞ്ഞതായി ആളുകൾ അറിയിച്ചു. എന്നാൽ, നിന്റെ ഈ കോപാവസ്ഥ നീങ്ങിപ്പോകുമെന്നും അവർ പറഞ്ഞു.

ഹദ്റത്ത് അബൂ ഹുറയ്റ(റ) പറയുന്നു, ഒരാൾ നബിയുടെ സന്നിധിയിൽ തനിക്കെന്തെങ്കിലും ഉപദേശം നല്കാൻ അപേക്ഷിച്ചു. നബി(സ) പറഞ്ഞു: "നീ കോപിക്കരുത്. അയാൾ പല പ്രാവശ്യം തന്റെ ആവശ്യം ആവർത്തിച്ചപ്പോഴും ആ മഹാത്മാവ് അതേ മറുപടി തന്നെ നല്കിക്കൊണ്ടിരുന്നു.

ചിലർ ചില കാര്യങ്ങളിൽ കോപാന്ധരാകാറുണ്ട്. അവർ മറ്റുള്ളവർക്ക് നഷ്ടം വരുത്തുകയും സ്വയം പ്രയാസത്തിലകപ്പെടുകയും ചെയ്യും. അങ്ങനെയുള്ളവർ ഈ ഉപദേശം പ്രത്യേകം ഓർക്കേണ്ടതാണ്. ദ്വേഷം എല്ലാവർക്കും ഉണ്ടാകുമെന്നത് ശരിതന്നെ. അതൊരു പ്രകൃതിയാണ്. നബി(സ)യെക്കുറിച്ച് പറയുന്നു. ആ മഹാത്മാവിന് എപ്പോഴെങ്കിലും ദ്വേഷം ഉണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ ദീനിനുവേണ്ടിയും അവന്റെ പരിശുദ്ധിക്കും വേണ്ടിയുമാണത്. അല്ലാതെ വ്യക്തിപരമായ കാര്യത്തിനായി ഒരിക്കലും ആ മഹാത്മാവ് കോപിച്ചിട്ടില്ല.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ)യോട് ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ചില കുടുംബബന്ധുക്കളുണ്ട്. ഞാനവരോട് ബന്ധം ചേർക്കുന്നു. അവരാണെങ്കിൽ എന്നോട് ബന്ധം മുറിക്കുന്നു. ഞാൻ അവർക്ക് നന്മ ചെയ്യുന്നു. അവരെന്നോട് മോശമായി പെരുമാറുന്നു. ഞാനവർക്കുവേണ്ടി ക്ഷമിക്കുന്നു. അവരാണെങ്കിലോ എന്നോട് അവിവേകമായി പെരുമാറുന്നു.' അപ്പോൾ നബി(സ) പറഞ്ഞു, 'നീ ഇപ്പറയുന്നതുപോലെ തന്നെയാണ് നിന്റെ സ്ഥിതിയെങ്കിൽ ചൂടുള്ള വെണ്ണീർ നീ തീറ്റിയതുപോലെയാണ്. ഈ നില നീ കൈക്കൊള്ളുമ്പോഴെല്ലാം അല്ലാഹുവിൽനിന്നൊരു സഹായി നിന്നോടൊപ്പമുണ്ടായിരിക്കും.'

അല്ലാഹുവിൽനിന്ന് സഹായിയെ ആവശ്യമുള്ളപ്പോൾ, സ്വയം പകരംവീട്ടി ശയ്ത്വാന്റെ മടിത്തട്ടിൽ വീഴുന്നതിനു പകരം ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് സഹ്ൽ തന്റെ പിതാമഹനിൽനിന്ന് നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "കോപം നടപ്പാക്കാൻ ശക്തവാനായിരിക്കെ, ആരാണോ അതിനെ അമർത്തിവയ്ക്കുന്നത് അല്ലാഹു ഖിയാമത്തുന്നാൾ അവനെ സൃഷ്ടികളുടെ മുമ്പിലേക്ക് വിളിക്കുന്നതാണ്." അതായത്, ആ വ്യക്തി തന്റെ സമീപസ്ഥനാണെന്ന് മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു അയാളെ ക്ഷണിച്ചുവരുത്തുന്നത്.

ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. നബികരീം (സ) ഒരിക്കൽ എന്നോട് ചോദിച്ചു, പാപം പൊറുക്കപ്പെടുന്ന വചനങ്ങൾ ഞാൻ നിനക്ക് പഠിപ്പിച്ചുതരട്ടയോ? ആ വചനങ്ങൾ ഇവയാണ്. ***ലാഇലാഹ ഇല്ലല്ലാഹുൽഹലീമുൽ കരീം, ലാഇലാഹ ഇല്ലല്ലാഹുൽഅലിയുൽ അളീം. സുബ്ഹാനല്ലാഹി റബ്ബിസമാവാത്തിസ്സബ്ഇ വ റബ്ബിൽഅർശിൽ അളീം അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ***. അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ല. അവൻ സഹനശീലനും ഉദാരനുമാണ്. അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ല. അവൻ അത്യുന്നതനാണ്. മഹത്ത്വമുടയവനാണ്. അവൻ പരിശുദ്ധനാണ്. അവൻ ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവാണ്. മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവാണ്. സർവ്വലോകപരിപാലകനായ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

ഈ പ്രാർത്ഥന, പാപം പൊറുക്കുന്നതിനുള്ള സാധന ഉൾക്കൊള്ളുന്നതാണ്.

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) അശ്ജിഅ് അബ്ദിൽ ഖയ്സിനോട് പറഞ്ഞു, അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് നല്ല ഗുണങ്ങൾ നിന്നിലുണ്ട്. അതിലൊന്ന് സഹനമാണ് ഒന്ന് അഭിമാനമാണ്.

ഞാൻ ഹിൽമ് എന്ന പദത്തിന്റെ അർത്ഥങ്ങൾ പറഞ്ഞിരുന്നു. ദയ കാണിക്കുക, മപ്പ് കൊടുക്കുക, സഹിക്കുക, കരുണയോടെ പെരുമാറുക, ദ്വേഷം അമർത്തുക തുടങ്ങിയവയൊക്കെ ഹിൽമ് എന്നതിന്റെ അർത്ഥങ്ങളാണ്. സമൂഹത്തിലെ സമാധാനത്തിനും ശക്തിക്കും അങ്ങേയറ്റം അനിവാര്യമായിട്ടുള്ള പ്രത്യേകതകളാണ് ഇവയെല്ലാം. ആത്മീയമായി അഭിവൃദ്ധിപ്പെടാനും ഇവ അത്യാവശ്യമാണ്. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനും വളരെ പ്രധാനപ്പെട്ടതാണ്. ഓരോ അഹ്മദിയും ഇത് സ്വായത്തമാക്കേണ്ടതാണ്.

ഈ കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ നമ്മുടെ മുമ്പിൽ ഉൽകൃഷ്ട സ്വഭാവത്തിന്റെ മാതൃക കാണിക്കുകയുണ്ടായി. അവയിൽ ചിലതാണ് ഇനി ഞാൻ പറയുന്നത്. ഭാര്യമാരോട് നല്ല നിലയിൽ പെരുമാറേണ്ടതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ''അസാന്മാർഗ്ഗിക പ്രവർത്തി ഒഴികെയുള്ള സ്ത്രീകളുടെ മറ്റെല്ലാ ദുശ്ശീലങ്ങളും സ്വഭാവകാഠിന്യങ്ങളും സഹിക്കേണ്ടതാണ്. പറഞ്ഞു: പുരുഷനായിക്കൊണ്ട് സ്ത്രീകളോട് യുദ്ധം ചെയ്യുന്നതുകാണുമ്പോൾ നമുക്ക് അങ്ങേയറ്റം ലജ്ജ തോന്നുന്നു. നമ്മെ അല്ലാഹു പുരുഷനാക്കിയിരിക്കുന്നു. വാസ്തവത്തിൽ ഇത് തികഞ്ഞ അനുഗ്രഹമാണ്. നാം ഭാര്യമാരോട് മൃദുവോടും സന്തോഷത്തോടുംകൂടി പെരുമാറുക എന്നതാണ് അതിനുള്ള നന്ദി."

ഒരിക്കൽ ഒരാൾ തന്റെ ഭാര്യയോട് വളരെ മോശമായി പെരുമാറുന്നതിനെ സംബന്ധിച്ച് സംസാരമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതുകേട്ടപ്പോൾ കഠിനമായി വേദനിച്ചു. എന്നിട്ട് പറഞ്ഞു, 'നമ്മുടെ സ്നേഹിതന്മാർ അത്തരക്കാരാകാൻ പാടില്ല.' പിന്നീട് ഒരുപാട് സമയം സ്ത്രീകളോടുള്ള സൽപെരുമാറ്റത്തെക്കുറിച്ച് ഉപദേശം നല്കിക്കൊണ്ടിരുന്നു.

ആ മഹാത്മാവ് തന്റെ ദീനീസേവകരോട് സഹനത

യോടും സഹിഷ്ണുതയോടുംപെരുമാറിയതിന് നിരവധി സംഭവങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) എഴുതിയിരിക്കുന്നു. ഹാഫിസ് ഹാമിദലി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ദീനീ സേവകനായിരുന്നു. സുദീർഘകാലം അദ്ദേഹം മസീഹ് മൗഊദ്(അ)നോടൊത്ത് താമസിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിര്യാണത്തിനുശേഷം സദ്ർ അഞ്ചുമൻ അഹ്മദിയ്യാ അദ്ദേഹത്തിന്റെ അവസാനകാലത്ത് പെൻഷൻ അനുവദിച്ചിരുന്നു. ഖാദിയാനിൽ താമസിക്കുന്നതിനായി ഒരു ചെറിയ കട അദ്ദേഹം നടത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഹാഫിസ് സാഹിബിനോട് കാണിച്ച ഉന്നത സ്വഭാവവും പെരുമാറ്റവും അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ടായിരുന്നു. അത് അദ്ദേഹം പലപ്പോഴും സ്മരിച്ചു. അങ്ങനെയൊരു മനുഷ്യനെ താനൊരിക്കലും കണ്ടിട്ടില്ലെന്ന് അദ്ദേഹം പറയുമായിരുന്നു. ഹദ്റത്ത് സാഹിബിനെ പോലെ ഉൽക്കൃഷ്ട സ്വഭാവമുള്ള ഒരു മനുഷ്യനെ ജീവിതത്തിലൊരിക്കലും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഹാഫിസ് സാഹിബ് പറയാറുണ്ടായിരുന്നു: "എന്റെ ജീവിതത്തിലൊരിക്കലും ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് ദ്വേഷപ്പെടുകയോ പരുഷമായി വിളിക്കുകയോ ചെയ്തിട്ടില്ല. എന്നല്ല, ഞാൻ വലിയ മടിയനായിരുന്നു. ഏല്പിക്കുന്ന ജോലി താമസിച്ചേ ചെയ്യാറുണ്ടായിരുന്നുള്ളൂ. എങ്കിലും ഒരിക്കൽപോലും ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് കാഠിന്യത്തോടെ പെരുമാറിയിട്ടില്ല.

മനുഷ്യൻ രോഗിയാകുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. അപ്പോൾ പല രീതിയിലുള്ള അവസ്ഥകളും ഉണ്ടാകുന്നു. പക്ഷേ, ഇക്കാലത്തെ ഉദ്ധരിക്കുന്നതിനായി നബി(സ)യുടെ ശിഷ്യനായിക്കൊണ്ട് അല്ലാഹു നിയോഗിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ) രോഗാവസ്ഥയിൽ എങ്ങനെയായിരുന്നു പെരുമാറാറുണ്ടായിരുന്നതിനെ സംബന്ധിച്ചുള്ള നിവേദനങ്ങൾ കേൾക്കുക. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി (റ) പറയുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അസഹ്യമായ തലവേദനയുണ്ടായി. ഞാനും ആ മഹാത്മാവിന്റെയടുത്ത് ഇരിക്കുന്നുണ്ടായിരുന്നു. ചുറ്റുവട്ടത്തുനിന്നും ഉച്ചത്തിലുള്ള സംസാരവും ബഹളവും കേൾക്കാമായിരുന്നു. 'ഈ ബഹളംകൊണ്ട് അങ്ങേയ്ക്ക് ബുദ്ധിമുട്ടില്ലേ' എന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു. ആ മഹാത്മാവ് പറഞ്ഞു, 'തീർച്ചയായും എനിക്ക് ബുദ്ധിമുട്ടുണ്ട്. ഇവർ നിശ്ശബ്ദരാകുമ്പോൾ എനിക്ക് സുഖം കിട്ടുന്നു.' പിന്നെന്തുകൊണ്ട് അങ്ങ് അവരോട് പറയുന്നില്ലായെന്ന് ചോദിച്ചപ്പോൾ പറഞ്ഞു: 'നിശ്ശബ്ദരായിരിക്കാൻ താങ്കൾ അവരോട് സൗമ്യമായി പറയുക. എനിക്ക് പറയാൻ സാധിക്കുകയില്ല."

കഠിനമായ രോഗത്തിൽ തനിച്ച് ഒരു മുറിയിൽ കിടക്കുമ്പോഴും ഒച്ചയും ബഹളവും ഉണ്ടായിട്ടും സുഖമായി ഉറങ്ങുന്നതുപോലെ നിശ്ശബ്ദനാണ്. ആരോടും പരാതിയില്ല. എന്തുകൊണ്ട് തന്നെ തിരക്കിയില്ല എന്നു കരുതി പരിഭവമില്ല. നീ എനിക്ക് വെള്ളം തന്നില്ല എന്നും പറയുന്നില്ല. നീ എന്തുകൊണ്ട് എന്നെ സേവിച്ചില്ല എന്നും ചോദിക്കുന്നില്ല. രോഗിയാവുമ്പോഴും ആരോടും പരാതിപെടാതെ കട്ടിലിൽ ശാന്തനായി കിടക്കുന്നു.

അദ്ദേഹം പറയുന്നു: ആർക്കെങ്കിലും രോഗം ബാധിച്ചാൽ അയാളുടെ അസ്വസ്ഥതകൊണ്ട് അയാളിൽ നിന്നുണ്ടാകുന്ന ശകാരവും ദ്വേഷവും കണ്ട് ശുശ്രൂഷകരെല്ലാം അയാളിൽനിന്ന് അഭയം തേടുന്ന കാഴ്ച പലപ്പോഴും കാണാറുണ്ട്. ചിലപ്പോൾ അയാൾ ചീത്തപറയുന്നു. ഭാര്യയുടെ നാശമായിരിക്കും അത്. ആ പാവത്തിന് പകലും സമാധാനമുണ്ടാകില്ല. രാത്രിയും വ്യാകുലതയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നു. ക്ഷീണം കൊണ്ടെങ്ങാനും ഉറങ്ങിപ്പോയാൽ പിന്നെ ദൈവംതന്നെ ശരണം; ആകാശം തലയിൽ വീണതുപോലെ. ഭാര്യയാണെങ്കിൽ ഭർത്താവിന്റെ രോഗം കാരണം സ്വയം വിഷമം അനുഭവിക്കുന്നു. അതിനോടൊപ്പം രോഗിയായ ഭർത്താവ് ബുദ്ധിമുട്ട് സഹിക്കാതെ തന്നെ മർദ്ദിക്കുമോ എന്നും ഭയപ്പെടുന്നു. അതായത്, തന്നെ എന്തും പറഞ്ഞുകൊള്ളട്ടെ, പക്ഷേ, ഭർത്താവിന്റെ രോഗം മൂർച്ഛിക്കുമോ എന്ന ആശങ്കയാണ് ഭാര്യയ്ക്കുണ്ടാകുന്നത്.

ഇതിന്നെതിരിൽ വർഷങ്ങളായി നാം കണ്ടുവരികയും കേൾക്കുകയും ചെയ്യുന്ന യാഥാർത്ഥ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആരോഗ്യാവസ്ഥയിൽ എങ്ങനെയായിരുന്നുവോ അതുപോലെതന്നെയായിരുന്നു രോഗിയാകുമ്പോഴും. ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ്(റ) പറയുന്നു. ചിലപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കഠിനമായ തലവേദനയുള്ള അവസരത്തിൽ അതിൽനിന്ന് സുഖം ലഭിച്ചയുടനെ കണ്ടിട്ടുണ്ട്. അപ്പോൾ കണ്ണ് തുറന്ന് പുഞ്ചിരിയോടെ എന്നെ നോക്കുകയും അല്ലാഹുവിന്റെ ഫള്‌ലാണെന്ന് പറയുകയും ചെയ്യുമായിരുന്നു. അത്തരം സന്ദർഭത്തിൽ ഏതോ മനോഹരവും സന്തോഷപ്രദവുമായ പാർക്ക് സന്ദർശിച്ച് വന്നതുപോലെയാണ് എനിക്ക് തോന്നിയിരുന്നത്.

എതിരാളികളോടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹനത എങ്ങനെയായിരുന്നു. ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) പറയുന്നു. ഒരു ജൽസയുടെ അവസരത്തിൽ ബ്രഹ്മസമാജത്തിന്റെ ഒരു നേതാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് എന്തോ സംശയം ചോദിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഓരോ സംശയത്തിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)

സൗമ്യമായി മറുപടി പറഞ്ഞുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ ഒരു എതിരാളി അവിടേക്ക് കയറിവന്ന് ചീത്തപറയാൻ തുടങ്ങി. ഹൃദയത്തെ വ്രണപ്പെടുത്തുന്ന രീതിയിലുള്ള ഏറ്റവും മോശമായ വാക്കുകളാണ് അയാൾ പറഞ്ഞിരുന്നത്. അതിപ്പോഴും എന്റെ മുന്നിലുണ്ട്. ആ മഹാത്മാവ് കവിളിൽ കൈ കൊടുത്തുകൊണ്ട് ഇരിക്കുകയായിരുന്നു. തലപ്പാവിന്റെ ഒരു ഭാഗം മുഖത്ത് വെച്ചുകൊണ്ടോ അല്ലെങ്കിൽ കവിളിൽ കൈ താങ്ങായി കൊടുത്തുകൊണ്ടോ ഇരിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശീലമായിരുന്നു. ആ മഹാത്മാവ് അയാളുടെ വാക്ക് കേട്ട് തികച്ചും നിശ്ശബ്ദത പാലിച്ചു. അയാൾ കുരച്ചുകൊണ്ടേയിരുന്നു. പക്ഷേ, മസീഹ് മൗഊദ്(അ) യാതൊരു ഭാവഭേദവും കൂടാതെ ഏതോ നല്ല കാര്യം കേൾക്കുന്ന കൗതുകത്തോടെ അയാൾ പറയുന്നത് കേട്ടുകൊണ്ടിരുന്നു. ആ ബ്രഹ്മസമാജക്കാരൻ അയാളെ തടയാൻ നോക്കി. എന്നാൽ, അയാളത് വകവച്ചില്ല. 'താങ്കൾ ഒന്നും പറയണ്ട എന്നും അയാൾ പറയുന്നത് പറയട്ടെയെന്നും' ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തോട് പറഞ്ഞു. അവസാനം അയാൾ അനാവശ്യം പറഞ്ഞ് സ്വയം ക്ഷീണിതനായി തന്റെ സംസാരം നിറുത്തി എഴുന്നേറ്റുപോയി. ബ്രഹ്മനേതാവ് അത് കണ്ട് വളരെ ആകർഷിതനായി. അദ്ദേഹം പറഞ്ഞു 'ഇത് അങ്ങയുടെ ഏറ്റവും വലിയ സ്വഭാവപരമായ ദിവ്യദൃഷ്ടാന്തമാണ്.' ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വേണമെങ്കിൽ അയാളെ നിശ്ശബ്ദനാക്കാമായിരുന്നു. തന്റെ വീട്ടിൽനിന്ന് പുറത്താക്കാമായിരുന്നു. ചെറിയൊരു സൂചന കൊടുത്താൽ അയാളുടെ നാവ് മുറിക്കപ്പെടുമായിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ തികഞ്ഞ സഹനതയുടെയും സഹിഷ്ണുതയുടെയും കർമ്മപരമായ മാതൃകയാണ് തെളിയിച്ചു കാണിച്ചത്.

ഹദ്റത്ത് ശെയ്ഖ് യഅ്ഖൂബ് അലി സാഹിബ്(റ) എഴുതുന്നു ജലന്ധറിൽവച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ മീർ അബ്ബാസ് അലി ആക്ഷേപിച്ചു സംസാരിക്കുകയായിരുന്നു. ഹദ്റത്ത് മഖ്ദൂമുൽ മില്ലത്ത് മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ) അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹംതന്നെ ഈ സംഭവം എന്നോട് പറഞ്ഞതാണ്. മൗലാനാ അബ്ദുൽ കരീം സാഹിബ് പറഞ്ഞു: 'മീർ അബ്ബാസ് അലി ഒരാക്ഷേപം ഉന്നയിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം വാത്സല്യത്തോടെയും സമാധാനത്തോടെയും അതിന് മറുപടി കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് സാഹിബ് സൗമ്യതയോടും സന്തോഷത്തോടും മറുപടി കൊടുത്തുകൊണ്ടിരിക്കുമ്പോൾ മീർ സാഹിബ് അധികമായി സംസാരിക്കാനും അവസാനം അനാവശ്യം പറയാനും തുടങ്ങി. മാന്യതയുടെ എല്ലാ അതിർവരമ്പുകളും ലംഘിച്ച് നീ നീ, ഞാൻ ഞാൻ എന്നവസ്ഥയിലെത്തി. അബ്ദുൽകരീം സാഹിബ് പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ) അപ്പോഴും പറഞ്ഞിരുന്നത് 'ജനാബ് മീർ സാഹിബ്, എന്നോടൊപ്പം വരിക എന്നോടൊത്ത് താമസിക്കുക. എന്നാൽ, അല്ലാഹു താങ്കൾക്ക് എന്തെങ്കിലും അടയാളം കാണിച്ചുതരും. താങ്കൾക്ക് മാർഗ്ഗദർശനം നല്കും.' എങ്കിലും, മീർ അബ്ബാസ് അലിയുടെ ദ്വേഷവും വെറുപ്പും കൂടിക്കൊണ്ടിരുന്നു. മൗലാനാ അബ്ദുൽകരീം സാഹിബ് പറയുന്നു, ഹദ്റത്ത് സാഹിബിന്റെ സഹനതയും ആത്മനിയന്ത്രണവും കണ്ട് മീർസാഹിബിന് സഹിച്ചില്ല. അബ്ദുൽകരീം സാഹിബ് പറയുന്നു, 'ഞാൻ കുറേനേരമായി അതെല്ലാം കണ്ടും കേട്ടും സഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇയാളോട് പ്രതികരിക്കാത്ത എന്നെ ഒരു കുറ്റവാളിയായി ഞാൻ സ്വയം മനസ്സിലാക്കി. എന്റെ മുന്നിൽ വച്ച് ഇയാൾ ഇങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ആക്രമണം നടത്തുമ്പോൾ ഞാൻ എങ്ങനെ നിശ്ശബ്ദത പാലിക്കും. അവസാനം എനിക്ക് സഹിച്ചില്ല. സുഖമില്ലാതിരുന്നിട്ടും ഞാൻ അയാളുടെ മേൽ ചാടിവീണു. അയാൾ ഉടനെ എഴുന്നേറ്റ് ഓടിക്കളഞ്ഞു. മലൗവി സാഹിബ് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) കാണിച്ച സഹനതയുടെയും ആത്മനിയന്ത്രണത്തിന്റെയും മാതൃക ഞാൻ നോക്കിക്കൊണ്ടേയിരുന്നു. (അയാളെ നേരിട്ടുകൊണ്ട്) ഞാൻ എന്നെ കുറ്റവാളിയാക്കാതിരുന്നതിൽ എനിക്ക് സന്തോഷമുണ്ടായിരുന്നു. എന്നാൽ, സംഭവം കഴിഞ്ഞപ്പോൾ മീർ സാഹിബിനോട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാന്നിധ്യത്തിൽവച്ച് അങ്ങനെ ചെയ്യാൻ പാടില്ലെന്ന് എനിക്ക് തോന്നി.

മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി (റ) പറയുന്നു. സദസ്സുകളിൽ ഹദ്റത്ത് സാഹിബ് ഒരു ശത്രുവിനെക്കുറിച്ചും പറയാറില്ല. ഏതെങ്കിലും ശത്രുവിന്റെ പേര് വായിക്കേണ്ടി വന്നാൽ മോശമായി ചിത്രീകരിക്കുകയുമില്ല. ആ മഹാത്മാവിന്റെ മനസ്സിൽ കത്തിക്കുന്ന തീയൊന്നും ഉണ്ടായിരുന്നില്ലെന്നതിന് വ്യക്തമായ തെളിവാണത്. ജനങ്ങളിൽനിന്നേറ്റ വിഷമവും മൗലവിമാരുടെ ദുഷ്പെരുമാറ്റവും ഒരു ഭൗതികനെന്നപോലെ ആ മഹാത്മാവ് കണ്ടിരുന്നെങ്കിൽ രാത്രിയും പകലും അതിനെ നേരിടാനുള്ള തന്ത്രം മെനയുന്നതിനും അതിനെ തടയുന്നതിനും വേണ്ടി സമയം ചെലവഴിച്ച് തന്റെ പ്രവർത്തിയൊന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയിലാകുമായിരുന്നു.

ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'ഞാനെന്റെ ആത്മാവിനെ എത്രത്തോളം നിയ

ന്ത്രിക്കുന്നുണ്ടെന്ന് വെച്ചാൽ, വർഷങ്ങളോളം ഒരാൾ എന്നെ ചീത്തപറഞ്ഞുകൊണ്ടിരുന്നാലും നാണംകെട്ട് അയാൾ അവസാനം പിന്മാറുന്നതല്ലാതെ എന്നിൽ ഒരു ഭാവഭേദവും ഉണ്ടാകുകയില്ല. എന്റെ ഉറച്ച കാല്പാദം ഇളക്കുവാൻ സാധിച്ചിട്ടില്ലെന്ന് അവസാനം അയാൾക്ക് സമ്മതിക്കേണ്ടിയും വരും.'

അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ) നിവേദനം ചെയ്യുന്നു. ഒരു ദിവസം ഒരു ഇന്ത്യക്കാരൻ വന്നു. അയാൾക്ക് തന്റെ അറിവിൽ വലിയ അഭിമാനമായിരുന്നു. തന്നെ വലിയൊരാളായി അയാൾ കരുതി. നമ്മുടെ പള്ളിയിൽ അയാൾ വന്നു. ഹദ്റത്ത് സാഹിബിനെ കുറിച്ചും ആ മഹാത്മാവിന്റെ വാദത്തെക്കുറിച്ചും അയാൾ വളരെ മോശമായി സംസാരിച്ചു. കുറച്ച് സംസാരിച്ചശേഷം അയാൾ പലപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ, താങ്കൾ താങ്കളുടെ വാദത്തിൽ കള്ളനാണെന്നും താനിത്തരം കപടന്മാരെ ഒരുപാട് കണ്ടിട്ടുണ്ടെന്നും അത്തരക്കാരെ ഞാൻ കക്ഷത്തിലിറുക്കിവെക്കുന്നവനാണെന്നും പറഞ്ഞു. അങ്ങനെ വേണ്ടാത്തതൊക്കെ പറഞ്ഞുകൊണ്ട് അയാൾ കയർക്കുമ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നെറ്റി ചുളിഞ്ഞില്ല. സമാധാനത്തോടുകൂടി അയാളുടെ വാദങ്ങൾ കേട്ടുകൊണ്ടിരുന്നു. പിന്നീട് തന്റെ ഊഴം വന്നപ്പോൾ സൗമ്യമായി സംസാരിച്ചു. വെറുപ്പുകളുളവാക്കുന്നതും അറപ്പുണ്ടാക്കുന്നതുമായ കള്ളങ്ങൾ കേട്ടാലും വായിച്ചാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് ഒരു ഭാവമാറ്റവും ഉണ്ടാകുമായിരുന്നില്ല. മിക്കപ്പോഴും കേട്ടിരിക്കുന്നവർ സഹിക്കവയ്യാതെ പരിഭ്രമിച്ച് അവിടെനിന്ന് എഴുന്നേറ്റുപോകുമായിരുന്നു. പക്ഷേ, ദൈവത്തിന്റെ പ്രതീകമായ ഈ സഹനശീലൻ ഒരിക്കലും ആരോടും മര്യാദകേട് കാണിച്ചിട്ടില്ല.

1904-ലെ ഒരു സംഭവം ഹദ്റത്ത് ശയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) വിവരിക്കുന്നു. ചീത്തപറഞ്ഞുകൊണ്ടിരിക്കുന്ന ഒരു പത്രത്തെക്കുറിച്ച് ഹദ്റത്ത് സാഹിബിന്റെ മുന്നിൽ ചർച്ച വന്നു. അപ്പോൾ ആ മഹാത്മാവ് പറഞ്ഞു, 'ക്ഷമ കൈക്കൊള്ളേണ്ടതാണ്. തെറി കേട്ടാൽ എന്ത് സംഭവിക്കാനാണ്? നബി(സ)യുടെ കാലത്തെ അവിശ്വാസികളും ഇങ്ങനെ തന്നെയായിരുന്നു. ആ മഹാത്മാവിനെ അവർ നഊദുബില്ലാഹ് നിന്ദ്യനാണെന് പറഞ്ഞു. അപ്പോൾ നബി(സ) ചിരിച്ചുകൊണ്ട് പറഞ്ഞു, 'അവരുടെ നിന്ദ്യതയ്ക്ക് ഞാനെന്തു ചെയ്യാനാണ്? എന്റെ നാമം അല്ലാഹു മുഹമ്മദ്(സ) എന്നു വെച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ഇപ്രകാരംതന്നെ അല്ലാഹു എന്നെ അയച്ചിരിക്കുന്നു. അവൻ എന്നെക്കുറിച്ച് പറഞ്ഞു: ***യഹ്മദുക്കല്ലാഹു മിൻ അർശിഹി*** അല്ലാഹു അർശിൽനിന്ന് നിന്നെ സ്തുതിക്കുന്നു. ഈ വെളിപാട് ബറാഹിനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദ്വേഷപ്പെടുത്തുന്ന ഒരു സംസാരവും, ഒരു സംഭാഷണവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ സ്വാധീനം ചെലുത്തിയിരുന്നില്ല. ആ മഹാത്മാവ് പറഞ്ഞു, 'എനിക്ക് സഹിക്കാനുള്ള ശക്തിയുണ്ട്. എല്ലാം സഹിക്കാൻ പറ്റുന്ന വിധത്തിലുള്ള സഹനത എന്നിൽ നിക്ഷേപിച്ചിരിക്കുന്നു.

ആഗ്രഹിച്ചിരുന്നെങ്കിൽ എതിരാളികളുടെ ആക്ഷേപിത്തിന് അതേ രീതിയിൽതന്നെ അദ്ദേഹത്തിന് മറുപടി കൊടുക്കാമായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ ഹലീം എന്ന സിഫത്തിന്റെ പ്രതീകമായിരുന്നു ആ മഹാത്മാവ്. അതുകൊണ്ട് എപ്പോഴും ക്ഷമയോടുകൂടി പ്രവർത്തിച്ചിരുന്നു. ഒരു പദ്യത്തിൽ അത് പ്രകടിപ്പിക്കുകയും ചെയ്തു: 'ചീത്തവിളി കേട്ട് അവർക്കായി ഞാൻ പ്രാർത്ഥിക്കുന്നു. കാരുണ്യമാണ് തിളച്ചുനില്ക്കുന്നത്. കോപം നാം തുടച്ചുമാറ്റിയിരിക്കുന്നു.'

ഹദ്റത്ത് ശയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) വിവരിക്കുന്നു. 1903ലെ ഒരു സംഭവമാണ്. ഒരു ഡോക്ടർ സാഹിബ് ലക്നൗവിൽനിന്ന് വന്നു. സ്വയം പരിചയപ്പെടുത്തിയതനുസരിച്ച് അദ്ദേഹം ബാഗ്ദാദി സന്താനപരമ്പരയിൽപെട്ടയാളാണ്. കുറേക്കാലമായിട്ട് ലക്നൗവിലാണ് താമസം. കുറച്ചാളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥയെക്കുറിച്ച് അന്വേഷിച്ചറിയാൻ അദ്ദേഹത്തെ ഖാദിയാനിലേക്ക് അയച്ചു. അദ്ദേഹം വന്ന് ഹദ്റത്ത് സാഹിബിനോട് ചോദ്യോത്തരമാരംഭിച്ചു. അദ്ദേഹത്തിന്റെ വിവരണത്തിൽ പരിഹാസവും പൊങ്ങച്ചവും കടിഞ്ഞാണില്ലാത്ത രീതിയിലുള്ള വാക്കുകളുടെ പ്രയോഗവും ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതൊന്നും ഗൗനിച്ചതേയില്ല. അദ്ദേഹത്തിന്റെ ചോദ്യത്തിന് മറുപടി കൊടുത്തുകൊണ്ടേയിരുന്നു. ഒരിക്കൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഡോക്ടർ സാഹിബ് പറഞ്ഞു, 'അറബി ഭാഷയെക്കുറിച്ച് താങ്കൾ വാദിക്കുന്നത് താങ്കളേക്കാൾ നല്ല രീതിയിൽ മറ്റാർക്കും അറബിയിൽ എഴുതാൻ കഴിയുകയില്ലെന്നാണ്. അതായത് നല്ല അറബിസാഹിത്യങ്ങൾ രചിക്കാൻ മറ്റുള്ളവരേക്കാളെല്ലാം താങ്കൾക്ക് കഴിയുമെന്ന് താങ്കൾ വാദിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'അതെ, അതെന്റെ വാദമാണ്.' അപ്പോൾ അയാൾ പരിഹസിച്ചുകൊണ്ട് പറഞ്ഞു, (അല്ലാഹു നമുക്ക് മാപ്പാക്കിത്തരട്ടെ) 'താങ്കൾക്ക് 'ഖാഫ്' എന്ന അക്ഷരം പോലും ഉച്ചാരണശുദ്ധിയോടെ പറയാൻ കഴിയുന്നില്ല.' മൗലവി സാഹിബ് പറയുന്നു, 'ഞാൻ ആ മജ്ലി

സിൽ ഉണ്ടായിരുന്നു. അയാളുടെ സംസാരം ഒരുപാട് വേദനിപ്പിക്കുന്നതായിരുന്നു. എത്രത്തോളമെന്നാൽ, ഞങ്ങൾക്ക് അത് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, ഹദ്റത്ത് സാഹിബിന്റെ സഹനത കണ്ടുകൊണ്ട് ഞങ്ങൾ മൗനംപാലിച്ചു. അവിടെ ഹദ്റത്ത് അബ്ദുല്ല ത്തീഫ് സാഹിബ് ശഹീദും(റ) ഇരിപ്പുണ്ടായിരുന്നു. അദ്ദേഹത്തിന് ഇതൊട്ടും സഹിച്ചില്ല. ഡോക്ടറെ അദ്ദേഹം വഴക്കു പറഞ്ഞു. അവസാനം രണ്ടുപേരും തമ്മിൽ അടിപിടിയുണ്ടാകുന്ന അവസ്ഥയിലെത്തി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് സാഹിബ് സാദാ സാഹിബിനെ തടഞ്ഞു. അപ്പോൾ ഡോക്ടർ സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു, 'പരിഹാസവും ചീത്തയും കേൾക്കുക എന്നത് അമ്പിയാക്കന്മാരുടെ അനന്തരാവകാശമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'നാമൊരിക്കലും വെറുക്കുകയില്ല. ഇവിടെയുള്ളത് വിനയമാണ്.' അയാൾ ഖാഫ് ഉച്ചരിക്കാൻ കഴിയില്ല എന്ന് പറഞ്ഞ് ആക്രമിച്ചപ്പോൾ ഹദ്റത്ത് സാഹിബ് പറഞ്ഞു, 'ഞാൻ ലക്നൗക്കാരനല്ല. അങ്ങനെയാണെങ്കിൽ എന്റെ ഉച്ചാരണവും അതുപോലെയാകുമായിരുന്നു. ഞാൻ പഞ്ചാബിയാണ്. ഹദ്റത്ത് മൂസാനബി(അ) നെ സംബന്ധിച്ചും ഇത്തരം ആക്ഷേപമുണ്ടായിട്ടുണ്ട്. ***ലാ യുക്കാദു യുബീൻ***. ഹദീഥുകളിൽ മഹ്ദിയെക്കുറിച്ചും അദ്ദേഹത്തിന്റെ ഭാഷയിൽ ഉച്ചാരണ തടസ്സമുണ്ടാകുമെന്ന് പറഞ്ഞിട്ടുണ്ട്. ***ലാ യുക്കാദു യുബീൻ*** എന്നതിന്റെ അർത്ഥം കാര്യങ്ങൾ സ്പഷ്ടമായി ഉപയോഗിക്കാൻ കഴിയാത്തയാൾ എന്നാണ്. ഖുർആനിൽ മൂസായെക്കുറിച്ച് പറയുന്നു. ***അം അന ഖയ്റുൻ മിൻ ഹാദല്ലദീ ഹുവ മുഹീനുൻ വലായുകാദു യുബീൻ***. അത്രയുമല്ല, നിന്ദ്യനും കാര്യങ്ങൾ സ്പഷ്ടമായി വിവരിക്കാൻ കഴിയാത്തവനുമായ ഇവനേക്കാൾ ഉത്തമൻ ഞാൻ തന്നെയാണ് (43:53).

ഹദ്റത്ത് സാഹിബ്(അ), ഹദ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ്(റ) അങ്ങനെ പെരുമാറിയപ്പോൾ അവിടെയുണ്ടായിരുന്നവരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, 'എന്റെ നിയമം പാലിച്ച് ഏതെങ്കിലും അതിഥി വരികയും സംസാരത്തിനിടയിൽ അക്രമവും അനീതിയും കാണിക്കുകയും ചെയ്താൽ നമ്മൾ അത് സഹിക്കേണ്ടതാണ്. കാരണം അവർ ശിഷ്യന്മാരിൽപ്പെട്ടവരല്ല. മുരീദുമാരിൽ നിന്ന് നാം ആഗ്രഹിക്കുന്ന ആദരവും ബഹുമാനവും അവരിൽനിന്ന് ആഗ്രഹിക്കാൻ നമുക്കെന്തവകാശമാണുള്ളത്. നബിയുമായി അവർ സംസാരിക്കാൻ വരുന്നതുതന്നെ അവരുടെ ഔദാര്യമായി നാം കണക്കാക്കുന്നു. നബി(സ) പറഞ്ഞു, 'നിന്നെ സന്ദർശിക്കുന്നവർക്ക് നിന്നിൽ അവകാശമുണ്ട്. അതിഥികൾക്ക് നിസ്സാരമായ വേദനയുണ്ടായാലും അഥ് പാപമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. പിന്നീട് ഡോക്ടർ സാഹിബിനോട് പറഞ്ഞു, ഇവരിൽനിന്നുണ്ടായ ഈ സംഭവത്തിൽ താങ്കൾ വിഷമിക്കരുത്. താങ്കൾ എന്നോടൊപ്പം താമസിക്കുക. കാരണം നാം ഇരുവരും കലിമ ചൊല്ലുന്നവരാണ്. നമ്മൾ ഇരുവരും മുസ്ലിംകളാണ്. ***ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്*** ചൊല്ലുന്നവരാണ്. തന്റെ ശിഷ്യന്മാരോട് പറഞ്ഞു, അദ്ദേഹത്തിന് കാര്യം മനസ്സിലാകാത്തിടത്തോളം എന്തും പറയാനുള്ള അവകാശമുണ്ട്.' അങ്ങനെ അദ്ദേഹം കുറച്ചു ദിവസം അവിടെ താമസിച്ചു. രാവിലേയും വൈകുന്നേരവും സംശയനിവാരണം നടത്തിക്കൊണ്ടിരുന്നു. അത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഒരിക്കൽ അദ്ദേഹം തനിക്കു വേണ്ടി പ്രാർത്ഥിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഞാൻ ഹിന്ദുസഹോദരങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കാറുണ്ട്. എന്നാൽ, അല്ലാഹുവിനെ പരീക്ഷിക്കുക എന്നത് അവന്റെ ദൃഷ്ടിയിൽ വെറുക്കപ്പെട്ടതാണ്. ഞാൻ താങ്കൾക്കുവേണ്ടി ദുആ ചെയ്യുന്നതാണ്. താങ്കൾ എന്നെ ഇടയ്ക്കിടെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുക. എന്തെങ്കിലും വെളിപ്പെട്ടാൽ അഥും താങ്കളെ അറിയിക്കുന്നതാണ്. വെളിപ്പെടുത്തുക എന്നത് എന്റെ ജോലിയല്ല. അല്ലാഹു ഇച്ഛിച്ചാൽ വെളിപ്പെടുത്തുന്നതാണ്. അല്ലാഹു ആർക്കും വിധേയനല്ല. അവൻ അജയ്യനാണ്. വിശ്വാസത്തെ ഏതെങ്കിലും കാര്യത്തോട് ബന്ധിപ്പിക്കുന്നത് വിരോധമാണ്. നിബന്ധനയോടുകൂടിയ വിശ്വാസം ബലഹീനമാണ്. നന്മയിൽ അഭിവൃദ്ധിപ്പെടുക എന്നത് ആരുടെയും കഴിവിൽപെട്ടതല്ല. സഹതാപത്തോടുകൂടി പെരുമാറുക നമ്മുടെ നിർബന്ധ കടമയാണ്. അതിന് നിബന്ധനകൾ വേണം. താങ്കൾ പരിഹാസ സദസ്സുകളിൽനിന്ന് അകന്നിരിക്കുക. ഇത് പരിഹസിക്കേണ്ട സമയമല്ല. താങ്കളെന്തായാലും ഇവിടുന്ന് പോകും. മരണവും ജീവിതവുമൊന്നും നമുക്കറിയില്ല. താങ്കൾ സത്യഹൃദയത്തോടെ പ്രാർത്ഥിക്കുക. 'അല്ലാഹുവേ, ഞാനൊന്നും അറിയാത്തവനാണ്. നീ തന്നെയാണ് എല്ലാ യാഥാർത്ഥ്യവും അറിയുന്നവൻ. എനിക്ക് നീ അറിയിച്ചു തന്നാലും. സത്യവാനാണെങ്കിൽ നിഷേധിച്ച് നശിക്കാൻ പാടില്ല. കള്ളവാദിയാണെങ്കിൽ അല്ലാഹുവേ, അയാളെ പിൻപറ്റുന്നതിൽനിന്ന് എന്നെ രക്ഷിക്കണമേ." എന്നാൽ, അല്ലാഹു ഉദ്ദേശിച്ചാൽ യാഥാർത്ഥ്യം വെളിപ്പെടുത്തിത്തരും. ഇതുകേട്ടപ്പോൾ ഡോക്ടർ സാഹിബ് പറഞ്ഞു, 'ഞാൻ വളരെ മോശമായ തീരുമാനവുമായിട്ടാണ് വന്നത്. പരിഹസിക്കണം, നിന്ദിക്കണം എന്നൊക്കെ ചിന്തിച്ചിരുന്നു. എന്നാൽ, അല്ലാഹുവിന്റെ തീരുമാനം തടഞ്ഞു. താങ്കൾക്കെതിരിൽ പണ്ഡിതന്മാർ പുറപ്പെടുവിച്ച ഫത്വ തികച്ചും തെറ്റാണെന്ന് എനിക്ക്

മനസ്സിലായി. താങ്കൾ മസീഹെ മൗഊദ് അല്ലാ എന്ന് ശക്തമായി പറയാൻ എനിക്ക് കഴിയില്ല. മസീഹ് മൗഊദിന്റെ മിക്ക ലക്ഷണങ്ങളും താങ്കളിൽ കാണുന്നുണ്ട്. എന്നല്ല ഒരുപരിധിവരെ താങ്കൾ മസീഹ് മൗഊദാണെന്ന് എനിക്ക് പറയാൻ കഴിയും. എന്റെ ബുദ്ധിയും ഗ്രഹണശക്തിയും കൊണ്ട് താങ്കളിൽനിന്ന് ഞാൻ കുറച്ചനുഗ്രഹം നേടി. താങ്കളിൽനിന്ന് പഠിച്ചത് ഞാൻ എന്നെ അയച്ചവരോട് പറയുന്നതായിരിക്കും. ഇന്നലത്തെ എന്റെ അഭിപ്രായം വേറൊന്നായിരുന്നു. ഇന്ന് വേറൊന്നാണ്. ഒരു ഫയൽമാൻ പോരാടാതെ പരാജയം സമ്മതിക്കുകയില്ല. ഇതുകൊണ്ട് ആക്ഷേപിക്കാതെ താങ്കൾ പറയുന്നതെല്ലാം അപ്പടി അംഗീകരിക്കണമെന്ന് എനിക്ക് തോന്നിയില്ല."

സത്യത്തെ സത്യമായി സ്വീകരിക്കാനുള്ള നീതിബോധം അദ്ദേഹത്തിലുണ്ടായിരുന്നു. സ്വീകരിച്ചില്ലെങ്കിലും അദ്ദേഹത്തിൽ മാറ്റമുണ്ടായി. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ചൗധരി ഹാക്കമലി സാഹിബ് നിവേദനം ചെയ്തതായി പറയുന്നു. 'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വലിയ പള്ളിയിൽ പ്രസംഗിക്കുകയായിരുന്നു. അപ്പോൾ ഒരു സിക്കുകാരൻ കടന്നുവന്നു. നേരെ മുന്നിൽ നിന്നുകൊണ്ട് അയാൾ ഹദ്റത്ത് സാഹിബിനേയും ജമാഅത്തിനേയും ചീത്ത പറഞ്ഞു. അയാൾ നിർത്താൻ തയ്യാറായില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാൾ പറയുന്നതൊക്കെ കേട്ടുകൊണ്ടിരുന്നു. ഹദ്റത്ത് സാഹിബ് അനുവദിച്ചാൽ അയാളുടെ എല്ല് പൊടിച്ചുകളയാം എന്ന നിലയിലായിരുന്നു ചിലരുടെ അവസ്ഥ. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) നിശ്ശബ്ദത പാലിച്ചു. അവസാനം അയാളുടെ അസഭ്യശരം അതിരുകടന്നപ്പോൾ ഹദ്റത്ത് സാഹിബ് പറഞ്ഞു, 'രണ്ടുപേർ എഴുന്നേറ്റ് അയാളെ മെല്ലെ പിടിച്ച് പള്ളിയുടെ പുറത്തേക്ക് കൊണ്ടുപോകുക. എന്നാൽ, അയാളോട് ഒന്നും പറയരുത്. അയാൾ പോകാൻ തയ്യാറാകുന്നില്ലെങ്കിൽ പുറത്തുള്ള പോലീസുകാരെ ഏല്പിക്കുക.

അല്ലാഹുവിന്റെ ഹലീം എന്ന സവിശേഷഗുണത്തിന്റെ ഏറ്റവും വലിയ പ്രതീകമായിരുന്നു നബി(സ). ഇപ്പോൾ ഇക്കാലത്ത് തന്റെ യജമാനനെ പിൻപറ്റിക്കൊണ്ട് ആ ഉന്നതമായ ഗുണം സ്ഥാപിക്കുന്നതിനായി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. ആ മഹാത്മാവിന്റെ ജീവിതത്തിലെ ചില സംഭവങ്ങൾ ഞാൻ പറഞ്ഞു. ഈ മാതൃക നമ്മുടെ ജീവിതം നന്നാക്കിത്തീർക്കാൻ നമുക്ക് വളരെ അത്യാവശ്യമാണ്. അല്ലാഹു നമ്മളേയും അവന്റെ നിറം ചാർത്തുന്നവരും അവന്റെ സവിശേഷഗുണങ്ങൾ ജീവിതത്തിൽ പകർത്തുന്നവരും ആക്കിത്തീർക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 21.3.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala